LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ HSA മലയാളം പി.എസ്.സി. ലിസ്റ്റ്

88 (T 4710) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 197/2007 കാറ്റഗറി നമ്പരായി നിലവിലുള്ള HSA മലയാളം പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെതായി എത്ര ഒഴിവുകളാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ സത്വരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടി സർക്കാർ സ്വീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. മലയാളം പി.എസ്.സി. ലിസ്റ്റിൽ നിന്നും 23 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 1-12-2011 മുതൽ 26 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തതായി ഒരു ഒഴിവ് ഉണ്ട്. വിവരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിലവിൽ ഒഴിവുകളില്ല

RMSA പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

89 (4711) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളാണ് RMSA-യിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) R.M.S.A പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഒരു അദ്ധ്യാപക തസ്തിക പോലും അനുവദിക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 2009-10 വർഷം 12 സ്കൂളുകളും 2010-11 വർഷം 2 സ്കൂളുകളുമാണ് ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 114/2011/പൊ.വി.വ. തീയതി, 19/05/2011 പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എച്ച്.എം.	-	1
ഹൈസ്കൂൾ അദ്ധ്യാപകർ	-	6
(4 കോർ സബ്ജക്ട്+2 ലാംഗ്വേജ്)		
ക്ലർക്ക്	-	1
പ്യൺ	-	2
എഫ്.റ്റി.എം.	-	2

2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (എം.എസ്) നം. 317/2013/പൊ.വി. തീയതി, 5-12-2013 പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എച്ച്.എം.	-	1
എച്ച്.എസ്.എ.	-	5

(3 വിഷയാദ്ധ്യാപകർ-സോഷ്യൽ സയൻസ്, സയൻസ്, കണക്ക് (2 ഭാഷാദ്ധ്യാപകർ-മലയാളം, ഹിന്ദി)

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് - 1

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. പദ്ധതി പ്രകാരം ശമ്പളം നൽകുന്നതിന് അനുവദനീയമായ തസ്തികകൾ താഴെ പറയുന്നു:

എച്ച്.എം.	-	1
എച്ച്.എസ്.എ.	-	5

(3 വിഷയാദ്ധ്യാപകർ-സോഷ്യൽ സയൻസ്, സയൻസ്, കണക്ക് (2 ഭാഷാദ്ധ്യാപകർ-മലയാളം, ഹിന്ദി)

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് *- 1

(സി) 2011-12 വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അദ്ധ്യാപനം തടസ്സപ്പെടാതിരിക്കാൻ അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽനിന്നും വിന്യസിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സ്കിൽപാർക്'

90 (4712) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ 'അസാപ്' പ്രകാരം 'സ്കിൽപാർക്'; അനുവദിച്ചിരുന്നോ;

(ബി) സ്കിൽപാർക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(സി) സ്കിൽ പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly